# ദിവ്യ സംഗീതോത്സവം 2025

## Divyasangeethotsavam 2025

## Juniors

### 1. ഗീതം

സൗഖ്യം പിച്ചള സർപ്പത്തെ
വീക്ഷിച്ചോർക്കുളവായതു പോൽ
കർത്താവിനെ ദർശിക്കുന്നോർ
രോഗോപശമം നേടുന്നു
കരുണാ സാഗരമാം നാഥാ
പ്രാർത്ഥിച്ചടിയാരോതുന്നു
കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയാലായിസ്സോൻ
നോമ്പിൻ മദ്ധ്യേ ജീവദമാം
സ്ലീബായിൻ വിജയപതാക
നൽകിയ രക്ഷകനേ നിന്റെ
അവതാരം വിസ്മയനീയം
കരുണാസാഗരമാം നാഥാ
പ്രാർത്ഥിച്ചടിയാരോതുന്നു
കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയാലായിസ്സോൻ

ദുഷ്ടാത്മാവോടടരാടാൻ
ശക്തി നരർക്കില്ലാത്തതിനാൽ
കൃപയും ജീവരക്ഷയും
നാഥൻ നമ്മൾക്കായ് നൽകി
കരുണാസാഗരമാം നാഥാ
പ്രാർത്ഥിച്ചടിയാരോതുന്നു
കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയാലായിസ്സോൻ
ദുഷ്ടാത്മാവിൻ സേനയെ വെ
ന്നാത്മീയം ജീവൻ നേടാൻ
ഗോല്ഗോഥായുടെ മലമുകളിൽ
സ്ലീബായെ രക്ഷകനേകി
കരുണാസാഗരമാം നാഥാ
പ്രാർത്ഥിച്ചടിയാരോതുന്നു
കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയാലായിസ്സോൻ

### 2. കോലൊ – ഗീതം

(ഈണം : ഒന്നാം നാളാകുന്നീ ദിനത്തിൽ...)

മോറിയാ മലയിൽ അബ്രാം തൻസുതനെ
ബലികഴിവതിനായ് കിടത്തിയോരു നേരം
ബാലന്മേൽ കൈവക്കരുതെന്നരുളീശൻ
പകരമൊരാടിനെ കണ്ടതുപോൽ നാഥാ – ബാറെക്മോർ
ശുബ്ഹൊ
ഞങ്ങളിൻ കഷ്ടതകൾ മായ്ച്ചു കളവാനായ്
കഷ്ടമേറ്റവനേ കഷ്ടത സ്കീപ്പയേറ്റവനേ
നിൻ ക്രൂശുമരണത്താൽ വിടുതൽ കൊണ്ട സഭമോദിക്കും
നിന്നുടെ നോമ്പിൻ ധന്യതയാൽ

### 3. ബോവൂസൊ (അപേക്ഷ)–മാർ ബാലായി

(ഈണം : കരുണ നിറഞ്ഞവനേ...)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
ഞങ്ങളിൻ പ്രാർത്ഥനയും നോമ്പും കൈക്കൊണ്ട്
കാരുണ്യം ചെയ്ക ഞങ്ങളിലെന്നും നീ
മിസ്രേമിൻ നിക്ഷേപത്തേക്കാൾ മോശെ
ക്രിസ്തു നിന്ദകളെ ധനമായ് കണ്ടതുപോൽ
സ്വർഗ്ഗത്തിൽ നിക്ഷേപമുള്ളവരാവാനും
നീയാകും ധനത്തെ പ്രാപിച്ചിടുവാനും
കൃപ നൽകുക നാഥാ ഈ നോമ്പിൻ നാളിൽ
നിന്നെ വരിപ്പാനും നിൻ വകയാവാനും
വിണ്മയരുടെ കർത്തൻ മണ്മയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

### 4. കോലൊ (ഗീതം)

സ്വർഗ്ഗപിതാവേ കേൾക്കേണമേ-കൂപ്പിടുന്നെങ്ങൾ
തുണചെയ്‌വാൻ മറ്റൊരു ജനകൻ ഇല്ലേ നീയെന്യേ
ഇല്ലായ്മയിൽ നിന്നുരുവാക്കി ഞങ്ങളെ
ഇങ്ങനെയിരിക്കെ കോപിച്ചീടരുതെ
തിരുകല്പനയാചരിപ്പാനും സൽക്രി-യ മൂലം
തിരുവിഷ്ടം നിറവേറ്റാനും പഠിപ്പിക്ക ഞ-ങ്ങളെ
ഹാലേലുയ്യ ദയയാൽ കനിയണമേ. ബാറെക്മോർ
ശുബ്ഹൊ

രക്ഷകനെ നിൻ വാഗ്ദാനം-കാത്തിരിപ്പോർക്കായ്
നിശ്ചയമായ് നല്കുന്നോൻ നീ വിശ്വസിക്കുന്നടിയാർ
ഇക്ഷിതി ഞങ്ങൾ – നിറവാനാത്മാവെ
പക്ഷമൊടയച്ചും വിശുദ്ധിയിൽ വളർന്നും നിൻ
ജാതികൾക്കെല്ലാം സാക്ഷികളായ് – ചമച്ചടിയാരെ നീ
രക്ഷയിലന്ത്യം വരെ ഞങ്ങൾ നടപ്പാൻ കൃപചെയ്ക
ഹാലേലുയ്യാ മോക്ഷെ വസിപ്പാനും.

# Divyasangeethotsavam 2025

## Seniors

### 1. ഗീതം

വിശുദ്ധ പിതാവേ-സംയോജിപ്പിൻ - ബലിനിൻ തനയൻ
എനിക്കായ് മരിച്ചവനെ ഏറ്റെന്നെ വി-മോചിക്കേണമേ
എന്നുടെ യാചന കൈക്കൊണ്ടെന്നിൽ പ്രീതിപൂണ്ടീനിൻ
സന്നിധിയിൽ ഞാൻ ചെയ്ത മാദ്രോഹം-ഓർക്കരുതേ നീ.
അവനുടെ രക്തം - ദുഷ്ടരിതാ കാൽവറിയിൽ ചിന്തി
എനിക്കായവർത്ഥിക്കുന്നതിനാൽ-യാചന കേൾക്ക
എത്ര എൻപാപം-അത് നിൻ കരുണ നീ തൂക്കീടുകിൽ
അതിഘനമേറും തവകൃപ നീ തൂ-ക്കും മലയേക്കാൾ
എൻപാപവുമവയ്ക്കുള്ളൊരു യാഗവും നീ നോക്കേണമേ
കുറ്റത്തേക്കാൾ-യാഗമതും ശാന്തിയും ഏറീടും
ഞാൻ പിഴച്ചതിനാൽ തവപ്രിയനാണികൾ-കുന്തവുമേറ്റു
സംയോജിപ്പിപ്പാൻ തൻ കഷ്ടത മതി ജീവിച്ചീടും ഞാൻ
രക്ഷയ്ക്കായ് തൻ-സുതനെ തന്ന പിതാവേ മഹത്വം
ക്രൂശിലെ മരണത്താലുയിർ നല്കിയ-സുതനേ വന്ദനം
രക്ഷയിൻ മർമ്മാദ്യനുമന്ത്യനുമാ-വിശുദ്ധാത്മാവേ
സ്തോത്രമുന്നതനാം ത്രിത്വമേ ഞങ്ങളെ തുണച്ചീടേണമേ

### 3. കോലൊ (ഗീതം)

ബാവാതന്നീന്നുടയവനായ്
ദാവീതു സുതയീന്നു രക്ഷകനായ്
ബേതലഹേമീന്നപ്പവുമായ്
ഏവർക്കായി താൻ ഉദിച്ചു
തന്നെ അയച്ച പിതാവന്ദ്യൻ
തന്നെ പെറ്റവൾ ഭാഗ്യവതി
തന്നെ വേട്ട തിരുസഭ
തൻ സ്തുതിപാടുന്നെന്നേക്കും
കന്യകയീന്നും ജാതനിവൻ
പന്നഗധാരിക്കു നാശമിവൻ
വഹ്നിക്കിരയായ പാപികൾക്കു
രക്ഷകനാം കർത്താവും താൻ
പാതകനെചൊല്ലി ദ്വേഷിതനായ്
നീതി നിവർത്തിക്കേകനുമായ്
പാതക താതൻ തൻ തലയുടപ്പാൻ
തന്നുടെ ജീവൻ നൽകിയവൻ
മൊറിയോ റാഹേമ്മേലൈനൂ ആദാറൈൻ

### 2. കോലൊ (ഗീതം)

(ഈണം : ഒന്നാം നാൾ അഗ്നിമയന്മാർ...)
സ്വർഗ്ഗമണാളൻ ശുദ്ധസഭയെ
പാണിഗ്രഹണം ചെയ്തപ്പോൾ
ശെമയോൻ യോഹന്നാൻ എന്നിവരെ
ഭരമേൽപ്പിച്ചേൽപ്പിച്ചു കൊടുത്തു
ഗൃഹവിചാരം ശിമെഓനും
പ്രസംഗം യോഹന്നാനും
കൽപ്പിച്ചവരോടരുളി
വിലയേറിയ രക്തം കൊണ്ടു
വാങ്ങിയൊരീസഭയെ സൂക്ഷിപ്പിൻ ബാറെക്മോർ
ശൂബ്ഹൊ
വിശ്വസ്ത സഭേ, ഭയമേതും വേണ്ടാ
നിന്റെ സ്വഭാവ ഗുണമതിനാലെ
ഒന്നിനു മറ്റൊന്നായ് ആരെയും ഞാൻ
ഗ്രഹണം ചെയ്തീടുകില്ലൊരു നാളും
ഭ്രമമേറുന്നൊരു അന്ത്യത്തിൽ
ആകാശം ഭൂമിയുമൊഴിയുമ്പോൾ
വേണ്ടാ ലേശം ഭ്രമം നിന്നിൽ
നിൻ വാസം സ്ഥിരമാക്കിയതാം
പിതൃപുത്രവിശുദ്ധാത്മ ഭവനേ

### 4. കോലൊ (ഗീതം)

നാഥാ നിൻ തനുവും നിണവും കൊണ്ടോർ ഞങ്ങൾ
വിധിയും പ്രതികാരവുമേൽക്കാതപരാധക്ഷമ കണ്ടെത്തി
പരിചൊടു നിന്റെ വലമായി നിലകൊണ്ടീടണമേ
ഹാലേലുയ്യാ മുഖദീപ്തിയോടും

ആദാമിനേയും മക്കളേയും പാപം സാത്താൻ
ഇവയുടെ ദാസ്യത്തിൽ നിന്നും രക്ഷിക്കാനായ് തൻ സുതനെ
ലോകെ തന്നിൽ വിട്ടപിതാവേ, നിൻ ദാനം
ഹാലേല്ലുയ്യാ നീ നൽകേണമേ.

സങ്കീർത്തനമൻപത്തൊന്നിൽ, പാടി നിബിയാം
ദാവീദരചൻ, സർവേശാ എന്നോടാർദ്രത തോന്നണമേ
കനിയണമെന്നിൽ മലിനത മായിച്ചുടയോനെ
ഹാലേലുയ്യാ കൃപ ചെയ്യണമെ

ഇടയ ശ്രേഷ്ഠാ അജവൃന്ദത്തെ കൂട്ടണമെ
ഇടവകയോടു കോപിക്കല്ലേ നിൻശാലയ്ക്കകമാക്കണമേ
കരുണാനിധിയേ കോപിക്കല്ലേ പാപങ്ങളെ നീ മായ്ക്കണമേ
ഹാലേലുയ്യാ രക്ഷിക്കണമേ.

